## ജനിതകമാറ്റത്തെക്കുറിച്ച് ഡോ. പുഷ്പ എം. ഭാർഗ്ഗവ

# പ്രധാനമന്ത്രിയ്ക്കെഴുതിയ കത്ത്

പ്രിയപ്പെട്ട പ്രധാനമന്ത്രി,

ജനിതകമാറ്റവിളകളുടെ ഭവിഷ്യത്തുക്കളെക്കുറിച്ച് ഇനിയും വിലയിരുത്തപ്പെട്ടിട്ടില്ലെന്നിരിയ്ക്കെ അവ.യ്ക്കുള്ള അനുമതിയും പ്രചാരവും രാജ്യത്ത് വർദ്ധിച്ചു വരുന്നതിനാൽ, അതിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കാനാണ് ഞാൻ ഈ കത്തെഴുതുന്നത്. ഈ മനുമതി ബയോടെക്നോളി വകുപ്പു കമ്മിറ്റിയും വനപരിസ്ഥിതി വകുപ്പുകമ്മറ്റിയും പരിശോധിച്ചശേഷമാണ് നല്കുന്നതെങ്കിലും പൊതുവേ 'മൊൺസാന്റോ' പോലുള്ള ബഹുരാഷ്ട്ര ഭീമന്മാരുടെ താത്പര്യങ്ങൾക്ക് അനുസൃതമായാണ് നല്കപ്പെടുന്നത്.

ജനിതകമാറ്റ വിളകളുടെ വില്പന കുറച്ചു വർഷത്തേക്കെങ്കിലും മരവിപ്പിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പൊതുതാല്പര്യഹർജി (അരുമാറൊഡ്രിഗ്സ്) ഫയൽ ചെയ്ത്.) സുപ്രീകോടതിയിൽ ഇനിയും തീർപ്പാക്കാനിരിയ്ക്കുകയാണ്. ഈ കേസിന്റെ നടത്തിപ്പിനും ജനറ്റിക് എഞ്ചിനിയറിംങ് അപ്രുവൽ കമ്മറ്റി (ജി.ഇ.എ.സി) മീറ്റിങ്ങുകളിൽ ഹാജരാകാനും മറ്റും സുപ്രീം കോടതി എന്നെ നിയമിച്ചതിനു ശേഷമാണ് ഈ രംഗത്ത് നമ്മുടെ പോരായ്മകൾ എനിയ്ക്കു ബോധ്യപ്പെടുന്നത്.

ഒരു ജനിതകമാറ്റവിള അംഗീകരിയ്ക്കുന്നതിനുമുമ്പ് ചെയ്തു തീർക്കേണ്ട ടെസ്റ്റുകളുടെ ഒരു ലിസ്റ്റ് ഞാൻ, ജി.ഇ.എ. സിക്കു കൊടുത്തിട്ടുണ്ട്. പക്ഷേ ഇപ്പോൾ, ഒരു വിള അംഗീകരിയ്ക്കപ്പെടുന്നതിനുമുമ്പ് ഇത്തരം ടെസ്റ്റുകളുടെ പത്തു ശതമാനം മാത്രമേ നടക്കുന്നുള്ളൂ. അതു മാത്രമല്ല, ടെസ്റ്റുകൾ കൈകാര്യം ചെയ്യുന്നതിന് ദേശീയ തലത്തിൽ സൗകര്യങ്ങളില്ലാത്തതുകൊണ്ട് വിള കമ്പനികൾ തന്നെ.യാണ് ഈ ടെസ്റ്റുകൾ ഇപ്പോൾ നടത്തുന്നത്. ചില സമയത്ത് വിള കമ്പനികൾ തന്നെ തരുന്ന സാമ്പിളുകളാണ് ടെസ്റ്റിനു ഉപയോഗിക്കുന്നത്. ഈ ലാബറട്ടറികൾക്ക് വിളകൾ സാധാരണ വിത്താണോ, ജനിതകമാറ്റം നടത്തിയവയാണോ എന്ന് തിരിച്ചറിയാനുള്ള സൗകര്യം പോലുമില്ല. അതുകൊണ്ട് എല്ലാ പ്രായോഗികാർത്ഥത്തിലും, ഒരു ജനിതക മാറ്റ വിളയുടെ സുരക്ഷിതത്വം പരിശോധിയ്ക്കാനുള്ള ഉപാധികളൊന്നും നമുക്കില്ല ഭക്ഷ്യവിളകടക്കം പല ഉൽപന്നങ്ങളും പരീക്ഷണശാലകളിൽ തയ്യാറായിക്കൊണ്ടിരിയ്ക്കുകയാണെങ്കിലും ബി.ടി.കോട്ടൺ മാത്രമേ ഇപ്പോൾ ഇന്ത്യയിലെ കർഷകർക്കായി പുറത്തിറക്കിയിട്ടുള്ളൂ. ബി.ടി.കോട്ടൺ എത്രത്തോളം (കൃഷി രംഗത്ത്) നാശം വരുത്തിയിട്ടുണ്ടെന്ന് എത്രയോ തെളിവുകൾ നമുക്ക് മുന്നിലുണ്ട്.

ഞാൻ ജി.ഇ.എ.സിക്ക് കൊടുത്ത പരീക്ഷണങ്ങളുടെ ലിസ്റ്റ് ചില പ്രഗത്ഭ ശാസ്ത്രജ്ഞന്മാർക്ക് അവരുടെ അഭിപ്രായങ്ങൾക്ക് വേണ്ടി അയച്ചുകൊടുത്തതായി ശ്രീമതി അരുണാ റൊഡ്രിഗ്സ് എന്നോടു പറഞ്ഞു. ഈ ടെസ്റ്റുകളുടെയൊന്നും ആവശ്യമില്ലെന്നു കാണിയ്ക്കുന്ന ജി.ഇ.എ.സിയുടെ എതിർ സത്യവാങ്ങ് മൂലത്തിന്റെ പകർപ്പും (എനിക്കു നേരെയുള്ള വ്യക്തിപരമായ പഴിചാരലുൾപ്പെടെ) അവർ ഇതോടൊപ്പം കൊടുത്തിരുന്നു. പത്തു ശാസ്ത്രജ്ഞന്മാരിൽ നിന്നും കിട്ടിയ മറുപടികൾ അവർ എനിക്കയച്ചുതന്നു. ഇതിലാരെയും എനിയ്ക്ക് വ്യക്തിപരമായി അറിയില്ലെങ്കിലും, പത്തുപേരും ഞാൻ നിർദ്ദേശിച്ച ടെസ്റ്റുകൾ അഭികാമ്യമാണെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. ലോകത്തിലെ മൂന്നു പ്രശസ്ത പരീക്ഷണശാലകളുമായി സഹകരിയ്ക്കുന്ന മൂന്നു ശാസ്ത്രജ്ഞന്മാരുടെ മറുപടികളുടെ പകർപ്പുകൾ ഇതോടൊപ്പം വയ്ക്കുന്നു. മറ്റുള്ളവരുടെ മറുപടികളുടെ പകർപ്പുകളും അങ്ങേയ്ക്ക് അയച്ചുതരാൻ എനിക്ക് സന്തോഷമേയുള്ളൂ.

അതുകൊണ്ട്, ശ്രമീതി അരുണാ റൊഡ്രിഗ്സിന്റെ ഹർജിയിൽ പറയുന്ന കാര്യങ്ങളോട് ഞാനും യോജിയ്ക്കുന്നു. ഏതെങ്കിലും ജനിതകമാറ്റ വിത്ത് കൃഷി ചെയ്യുന്നതിനോ വില്ക്കുന്നതിനോ, അഞ്ചോ ഏഴോ വർഷത്തെ മോറട്ടോറിയം നമ്മൾ പ്രഖ്യാപിയ്ക്കേണ്ടതാണ്. ഈ കാലയളവിനുള്ളിൽ ഗുണനിലവാരം തിട്ടപ്പെടുത്താനും മറ്റ് സ്ഥലങ്ങളിൽ നടന്ന പരീക്ഷണശാലയുടെ കാരടുരൂപരേഖ ഞാൻ സമർപ്പിട്ടുണ്ട്. പണി പൂർത്തിയായി, മുഴുവനായി പ്രവർത്തനക്ഷമമാകാൻ ഈ ലാബറട്ടറി ചുരുങ്ങിയത് അഞ്ചു വർഷമെടുക്കും. ഈ പദ്ധതിക്ക് അങ്ങയുടെ സഹായവും ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

ഇന്ത്യയിലെ 60 ശതമാനത്തോളം ജനങ്ങൾ കൃഷിയുമായി നേരിട്ടോ ബന്ധപ്പെട്ടോ ഉള്ള പ്രവൃത്തികളിലൂടെ ഉപജീവനമാർഗ്ഗം കണ്ടെത്തുന്നവരാണ്. കാർഷികോല്പാദനത്തിലും വിത്തുല്പാദനത്തിലും നിയന്ത്രണമേർപ്പെടുത്തി, കൃഷിയെ വിദേശകുത്തകകമ്പനികളുടെ നിയന്ത്രണത്തിലേക്ക് കൊണ്ടുവന്നാൽ സമത്വമെന്ന നിലയിൽ നമ്മുടെ നിലനില്പുതന്നെ ഇല്ലാതാകും എന്ന് ഞാൻ അവസാനമായി അങ്ങയോടു പറഞ്ഞുകൊള്ളട്ടെ.

ജനിതകമാറ്റ വിത്തുകളുടെ വിദേശകുത്തകകൾ വഴിയുള്ള കച്ചവടം ഈ ദിശയിലേക്ക് വിരൽ ചൂണ്ടുന്നത്. ഇപ്പോൾത്തന്നെ വിത്തുല്പാദനത്തിൽ മുപ്പതു ശതമാനത്തോളം നേരിട്ടോ അല്ലാതെയോ വിദേശകമ്പനികളുടെ നിയന്ത്രണത്തിലാണെന്നുള്ളത് ഭയപ്പെടുത്തുന്ന വസ്തുതയാണ്. ഈ പ്രവണത നിരുത്സാഹപ്പെടുത്തേണ്ടതാണ്. മേല്പറഞ്ഞ മോറട്ടോറിയം ഈ സംരംഭത്തിലേയ്ക്കുള്ള ആദ്യചവിട്ടുപടിയാകട്ടെ!